പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3214

20-6-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പഞ്ചായത്ത് ഭൂമി വിട്ടു നൽകാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി.വിജയദാസ്: | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകൾക്ക് നിക്ഷിപ്തമായിട്ടുള്ള ഭൂമി റവന്യൂ ഭൂമിയല്ലാത്തവ സർക്കാർ ആശുപത്രികൾ, റെസ്റ്റ് ഹൗസുകൾ എന്നിവ നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് വിട്ടുനൽകുന്നതിന് നിയമതടസ്സമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(ബി) പഞ്ചായത്തുകൾ വിലയ്ക്കു വാങ്ങിയതും പഞ്ചായത്തുകൾക്ക് നിക്ഷിപ്തമായിട്ടുള്ളതുമായ ഭൂമി മറ്റ് വകുപ്പുകൾക്ക് വിട്ടുനൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ വിശദാംശം നൽകുമോ ? | (എ) & (ബി) | ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമി മറ്റ് സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടത് പഞ്ചായത്ത് വകുപ്പല്ല മറിച്ച് അതാത് ഗ്രാമ പഞ്ചായത്തുകളാണ് 2005 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും ) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾ വാങ്ങിയ(ആർജിച്ച) രജിസ്റ്റേർഡ് ഭൂമിയുടെ ഉടമസ്ഥത ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരുമായി കൂടിയാലോചിച്ച് ഗ്രാമ പഞ്ചായത്തുകൾക്ക് ഭൂമി വിനിയോഗിക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന് പദ്ധതി നിർവ്വഹണത്തിനായി ഇത്തരം ഭൂമികൾ വിട്ടൊഴിയേണ്ടതുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി തേടിയശേഷം റവന്യൂ വകുപ്പിലേക്ക് ഡീവെസ്റ്റ് ചെയ്യേണ്ടതാണ്. തുടർന്ന് ഭൂമി ആവശ്യമുള്ള വകുപ്പിന്റെ അർത്ഥനാപത്രം ലഭിക്കുന്ന മുറയ്ക്ക് ഔപചാരിക നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സർക്കാരിലെ റവന്യൂ വകുപ്പ് ഭൂമി കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഭൂമി കൈമാറ്റം , പതിവ് , പാട്ടം |

തുടങ്ങിയ വിഷയങ്ങളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സർക്കാരിലെ റവന്യൂ വകുപ്പിലാണ് റൂൾസ് ഓഫ് ബിസിനസ് പ്രകാരം നിക്ഷിപ്തമായിട്ടുള്ളത്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമി ഏതെങ്കിലും വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിന് ആവശ്യമുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിച്ച് പ്രസ്തുത ഭൂമികളെ പഞ്ചായത്ത് രാജ് ആക്ടിന്റെ പരിധിയിൽ നിന്നൊഴിവാക്കിയ ശേഷം ഔപചാരിക ഭൂമികൈമാറ്റ നടപടികൾ സ്വീകരിച്ച് ഭൂമി കൈമാറി നല്കാവുന്നതാണ്. വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി തദ്ദേശസ്വയംഭരണ വകുപ്പും , തുടർന്നുള്ള ഭൂമി കൈമാറ്റ നടപടികൾ റവന്യൂ വകുപ്പുമാണ് സ്വീകരിക്കുന്നത്.

സെക്ഷൻ ഓഫീസർ